പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2746 28-10-2026-ൽ മറുപടിയ്ക്ക്

സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കലും വ്യാപനവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മാണി. സി. കാപ്പൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ജലവിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് വാട്ടർ മീറ്ററുകൾ പല സ്ഥലങ്ങളിലും തകരാറിലാകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്മാർട്ട് വാട്ടർ മീറ്ററുകളുടെ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഉപഭോക്താക്കൾക്ക് കൃത്യമായ ജല ഉപഭോഗം രേഖപ്പെടുത്തി ബിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്.

വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം സർക്കിളിനു കീഴിൽ പി.എച്ച്. നോർത്ത്, സൗത്ത് ഡിവിഷനുകളിൽ സ്മാർട്ട് സിറ്റി പ്രോജക്ടിൽ ഉൾപ്പെടുത്തി നിരവധി കണക്ഷനുകളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. തകരാറിലാകുന്ന സ്മാർട്ട് വാട്ടർ മീറ്ററിന്റെ വിവരങ്ങൾ കോർപ്പറേഷന്റെ കീഴിലുള്ള സ്മാർട്ട് സിറ്റി ടീമിനെ അറിയിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വാട്ടർ മീറ്റർ തകരാറിലായ കാലയളവിലെ ബിൽ തുകയുമായി ബന്ധപ്പെട്ട് പരാതി ഉന്നയിക്കുന്ന ഉപഭോക്താവിൽ നിന്ന് അപേക്ഷ സ്വീകരിക്കുകയും മീറ്റർ മാറ്റി വച്ച് ശേഷം ഉള്ള മൂന്ന് ബില്ലുകളുടെ ആവറേജ് ജല ഉപയോഗം കണക്കാക്കി വാട്ടർ മീറ്റർ തകരാറിലായ കാലയളവിൽ വാട്ടർ ബിൽ നൽകുകയും ചെയ്യുന്നു.

കൂടാതെ കൊച്ചി സർക്കിളിനു കീഴിൽ സ്ഥാപിച്ചിട്ടുള്ള 502 സ്മാർട്ട് മീറ്ററുകളിൽ, തകരാറുകൾ ശ്രദ്ധയിൽപ്പെട്ട 239 എണ്ണം മാറ്റി പകരം സ്മാർട്ട് മീറ്ററുകളോ മെക്കാനിക്കൽ മീറ്ററുകളോ സ്ഥാപിച്ച് പരാതി പരിഹരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്മാർട്ട് വാട്ടർ മീറ്റർ സംവിധാനം വ്യാപിപ്പിക്കുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; എല്ലാ ജല ഉപഭോക്താക്കൾക്കും സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിന് സമയബന്ധിതമായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ ചില പ്രദേശങ്ങളിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ സ്മാർട്ട് വാട്ടർ മീറ്ററുകൾ സ്ഥാപിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജല ഉപഭോക്താക്കൾക്കും സ്മാർട്ട് വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നതിന് വലിയ തോതിലുള്ള സാമ്പത്തിക വിഹിതം ആവശ്യമാണ്.

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിന്റെ 2027-28 വാർഷിക പദ്ധതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് പരിഗണനയിലുള്ള പുതിയ ശീർഷകത്തിൽ ബജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾ വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ